# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2517** — **27/01/2014-ൽ മറുപടിക്ക്**

## ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>" വി. റ്റി. ബൽറാം<br>" സി. പി. മുഹമ്മദ്<br>" ആർ. സെൽവരാജ് | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആരോഗ്യ കേരളം സാന്ത്വന പരിചരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കേരളത്തിൽ കഴിഞ്ഞ ആറുവർഷമായി ആരോഗ്യ കേരളം പാലിയേറ്റീവ് പരിചരണ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) | കേരള സർക്കാർ രൂപം നൽകിയ പാലിയേറ്റീവ് പരിചരണനയം നടപ്പിലാക്കുകയാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. സംസ്ഥാനത്തെ കിടപ്പിലായ മുഴുവൻ രോഗികൾക്കും അവരുടെ വീടുകളിൽ ചെന്ന് പരിചരണം നൽകുക എന്നതാണ് പ്രധാന ലക്ഷ്യം. ഇതിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സംയുക്താഭിമുഖ്യത്തിലാണ് പ്രവർത്തനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പാലിയേറ്റിവ് പരിചരണം പ്രാഥമികാരോഗ്യ സംവിധാനത്തിന്റെ ഭാഗമാക്കി സന്നദ്ധസംഘടനകളുടെയും മറ്റും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക എന്നതും ലക്ഷ്യമാക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്ക് ദേശീയ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (സി) | 2012 വർഷത്തെ പ്രധാനമന്ത്രിയുടെ അവാർഡിന് പരിഗണിക്കപ്പെട്ട മികച്ച 12 പദ്ധതികളിൽ ഒന്നായി ആരോഗ്യ കേരളം പാലിയേറ്റീവ് പരിചരണ പദ്ധതി ഉൾപ്പെട്ടിരുന്നു. അതുപോലെ കേന്ദ്ര പ്ലാനിംഗ് കമ്മീഷനും യു.എൻ. |

| | | | |
|---|---|---|---|
| | | | ഡി.പി യും സാമൂഹികക്ഷേമ രംഗത്തെ ഈ വർഷത്തെ മികച്ച പദ്ധതികളിലൊന്നായി ഈ പദ്ധതി തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതി എവിടെയൊക്കെയാണ് നടപ്പിലാക്കി വരുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ഡി) | പ്രധാനമായും മൂന്ന് തലങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്<br>1) പ്രാഥമികതലം:- പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് പഞ്ചായത്ത് പരിധിയിൽ കിടപ്പിലായ മുഴുവൻ രോഗികൾക്കുമായി ഹോം കെയർ സേവനം, ഒ.പി. ക്ലിനിക് പരിചരണ സാമഗ്രികളുടെ വിതരണം, സോഷ്യൽ സപ്പോർട്ട് എന്നിവ നൽകി വരുന്നു<br>2) സെക്കൻഡറിതലം;- താലൂക്കാശുപത്രികളും ജനറലാശുപത്രികൾ കേന്ദ്രീകരിച്ച് കിടത്തി ചികിത്സ, വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ പോലുള്ള സേവനങ്ങൾ നൽകി വരുന്നു<br>3) ടേർഷ്യറി ലെവൽ:- ഓരോ ജില്ലയിലും ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് പാലിയേറ്റിവ് പരിചരണ പദ്ധതികളുടെ ആസൂത്രണം, സംഘാടനം, പരിശീലനം എന്നിവക്കായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>കേരളത്തിലെ 850 ൽ പരം പഞ്ചായത്തുകളിലും 70 ആശുപത്രികളിലും ഈ പദ്ധതി ഇപ്പോൾ നടന്നു വരുന്നു. |
| (ഇ) | പദ്ധതി താലൂക്ക് ആശുപത്രിയിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി പരിഗണനയിലുണ്ടോ ; വിശദമാക്കാമോ ? | (ഇ) | കേരളത്തിലെ എല്ലാ ഗവ. ആശുപത്രികളിലേക്കും പദ്ധതി വികസിപ്പിച്ച് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ